

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**22-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. കാർഷിക യന്ത്രങ്ങൾക്ക് 40 മുതൽ 80 ശതമാനം വരെ സബ്സിഡി നൽകി യന്ത്രവൽകൃതകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോട കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) യിൽ ഓൺലൈനായി അപേക്ഷിക്കാം. https://agrimachinery.nic.in/index എന്ന വെബ്സൈററിൽ കൂടി ഇതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനയുണ്ട്. കൂടുതൽ വിവരങ്ങൾക്കായി **8075251014, 9895440373, 9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

2. കാർഷിക പമ്പുകൾ സോളാറിലേക്കു മാറ്റുന്നതിന് അനെർട്ട് അപേക്ഷ ക്ഷണിച്ചു. അനെർട്ടും കെ.എസ്.ബി.യും കൃഷി വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒന്നു മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള കാർഷിക കണക്ഷനിൽ ഉൾപ്പെട്ട പമ്പുകൾക്കാണ് അനുകൂല്യം ലഭിക്കുന്നത്. www.anert.gov.in അനെർട്ട് വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ 1800 425 1803 ടോൾ ഫ്രീ നമ്പറിലും അനെർട്ട് ജില്ലാ കാര്യാലയത്തിലും പ്രദേശത്തെ കൃഷി ഓഫീസിലും ലഭിക്കും.

3. വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ ഉണ്ടാക്കുക ലക്ഷ്യമിട്ടു കൊണ്ട് കൃഷിവകുപ്പ് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിന് അവസരം ഒരുക്കുന്നു. താല്പര്യമുള്ള യുവതീയുവാക്കൾക്ക് ഈ മാസം 24 വരെ www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനിലൂടെ അപേക്ഷിക്കാം. ജൂലൈ 26 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി

22-07-2021

ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

4. ശാസ്ത്രീയ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ശുദ്ധമായ തേനിന്റെയും അനുബന്ധ ഉത്പന്നങ്ങളുടെയും ലഭ്യതയും വിപണനവും ലക്ഷ്യമാക്കി **മധു കാന്തി** എന്ന പോർട്ടൽ നിലവിൽ വന്നിരിക്കുന്നു. തേനീച്ച കർഷകരും കർഷക സംഘങ്ങളും ഈ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വെബ് സൈറ്റുകൾ www.allbankcare.in , www.nbb.gov.in . കടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക.

5. ആട് കർഷകരെ വിവേചന പൂർണ്ണമായ വിര മരുന്നുകളുടെ ഉപയോഗത്തിനു പ്രാപ്തരാക്കുന്നതിനുവേണ്ടി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളേജിൽ പ്രവർത്തിയ്ക്കുന്ന പരാദശാസ്ത്ര വിഭാഗത്തിൽ വിഭാവനം ചെയ്ത **ഹെം ചെക്ക്** എന്ന വിളർച്ച സൂചിക കാർഡിനെ കുറിച്ചുള്ള കടുതൽ വിവരങ്ങൾക്ക് **9447668582** എന്ന ഫോൺ നമ്പരിൽ സർവ്വകലാശാല പരാദവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ കെ ശ്യാമളയുമായി ബന്ധപ്പെടുക

**ഓൺലൈൻ പരിശീലന പരിപാടികൾ**

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 22 ന്) രാവിലെ 11 മണിക്ക് **കശുവണ്ടി മൂല്യ വർദ്ധിത ഉത്പന്നങ്ങളും സംരംഭകത്വ സാധ്യതകളും** എന്ന വിഷയത്തിൽ എഫ്.ഐ. ബി കേരളയുടെ ഫേസ്ബുക്ക് പേജിലൂടെ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – 9383470289

7. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ വിജ്ഞാനവ്യാപന വിഭാഗവും സംരംഭകത്വ വിഭാഗവും സംയുക്തമായി ഇന്ന് (22-07-2021) വൈകിട്ട് 5 മണിക്ക് കോഴി വളർത്തൽ കർഷകർക്കായി **രോഗങ്ങൾ, ജൈവസുരക്ഷയും രോഗപ്രതിരോധ മാർഗ്ഗങ്ങളും** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. **9995213500** എന്നതാണ് സൂം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

22-07-2021

പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി. കൂടുതൽ വിവരങ്ങൾക്ക് **9446714462** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. ആലപ്പുഴ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ കൂൺ കൃഷി എന്ന വിഷയത്തിൽ ഇന്ന് (22 ന്) ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447790268 / 0479-2959268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **മാങ്ങ സംസ്കരണവും മൂല്യ വർദ്ധനവും** എന്ന വിഷയത്തിൽ വെബിനാർ പരമ്പര ഇന്ന് (22 ന്) തുടങ്ങുന്നു. കൂടുതൽ വിവരങ്ങൾക്ക് **9496827965** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (22-7-221 ന്) പുളിപ്പിച്ചുണ്ടാക്കുന്ന പാലുല്പന്നങ്ങൾ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446228368** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. തലയോലപറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഇന്ന് (22-07-2021 ന്) **പന്നിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9188522706 എന്ന വാട്സ് ആപ്പ് നമ്പരിലോ 04829234323 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

12. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന്(22-07-2021 ന്) **പോത്ത് വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 - 2732918. 9188522701 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

13. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഇന്ന് **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന വാട്സ്ആപ്പ് നമ്പരിൽ ബന്ധപ്പെടുക. **9188522708**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**22-07-2021**

14. കൃഷിവകുപ്പ് 2020 – 21 സാമ്പത്തിക വർഷം നടപ്പാക്കുന്ന വിവിധ പദ്ധതികളിലേക്ക് വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ കർഷകർ 26-07-2021 ന് മുമ്പായി അപേക്ഷിക്കേണ്ടതാണെന്ന് വണ്ണപ്പുറം കൃഷി ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വണ്ണപ്പുറം കൃഷി ഭവനുമായി ബന്ധപ്പെടുക.

15. **പരിപാലന നിർദ്ദേശങ്ങൾ**

മഴയ്ക്കൊപ്പം തളിർക്കുന്ന ഇളം പുല്ല് കൂടുതലായി നൽകുന്നത് പശുക്കൾക്ക് വയറു പെരുക്കത്തിനും, വയറിളക്കത്തിനും, ദഹനക്കേടിനും, പാലിലെ കൊഴുപ്പ് കുറയുന്നതിനും കാരണമാകും. ആയതിനാൽ ഇളം പുല്ല് വെയിലത്തിട്ട് ഒന്നു രണ്ടു മണിക്കൂർ ഉണക്കി വാട്ടിയശേഷമോ വൈക്കോലിനൊപ്പമോ നൽകുക.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരു